G2/9485/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 04.03.2022

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പുതുതായി ആരംഭിച്ച സർക്കാർ കോളേജുകൾ, ഹോസ്റ്റലുകൾ - എയ്ഡഡ് കോളേജുകൾ - ഡി ഡി ഒ കോഡ് ലഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ - അപേക്ഷിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :- വിവിധ കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പുതുതായി ആരംഭിച്ചിട്ടുള്ള സർക്കാർ കോളേജുകൾ, ഹോസ്റ്റലുകൾ, എയ്ഡഡ് കോളേജുകളിൽ ട്രഷറി ഓതറൈസേഷനും ഡി.ഡി.ഒ. കോഡും ലഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ താഴെ പറയുന്ന പ്രകാരമുള്ള രേഖകൾ സഹിതം അപേക്ഷ നൽകുന്നതിന് മാർഗ്ഗ നിർദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു.

<u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ :</u>

**<u>I .(സർക്കാർ കോളേജുകൾ / ഹോസ്റ്റലുകൾ )</u>**

1.കോളേജുകൾ / ഹോസ്റ്റലുകൾ ആരംഭിക്കാൻ അനുമതി ലഭിച്ച സർക്കാർ / യു.ജി.സി ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

2.കോളേജുകൾക്ക് ഡ്രായിങ് ആൻഡ് ഡിസ്ബേഴ്സിങ് ഓഫീസറെ / സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. ഹോസ്റ്റലുകളിൽ വാർഡനെ നിയമിച്ചുകൊണ്ടുള്ള കോളേജ് പ്രിൻസിപ്പാളിന്റെ ഉത്തരവിന്റെ പകർപ്പ് .

4. ഹോസ്റ്റലുകളിലെ വാർഡൻ നിയമനം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സാധൂകരിച്ച് നൽകിയ ഉത്തരവിന്റെ പകർപ്പ് .

5.പൂരിപ്പിച്ച്, പ്രിൻസിപ്പാൾ ഒപ്പ് വച്ച ട്രെഷറി ഓതറൈസേഷൻ പ്രൊഫോർമ (മാതൃക അനുബന്ധം ചേർത്തിട്ടുണ്ട്).

6.കോളേജുകൾ / ഹോസ്റ്റലുകളിൽ സ്ഥിരം/ താത്കാലിക ജീവനക്കാരെയോ നിയമിച്ച ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് .

7.കോളേജുകൾ / ഹോസ്റ്റലുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ ഉത്തരവുകൾ ഉണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് .

**<u>II.എയ്ഡഡ് കോളേജുകൾ</u>**

1.എയ്ഡഡ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ നൽകിയ ഉത്തരവിന്റെ പകർപ്പ് .

2 .എയ്ഡഡ് കോളേജുകൾ സർക്കാരുമായി ചേർന്ന് ഒപ്പ് വച്ച ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് .

3.കോളേജുകളിൽ സ്ഥിരം / താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് .

4.പൂരിപ്പിച്ച് സ്പെഷ്യൽ ഓഫീസർ ഒപ്പ് വച്ച ട്രെഷറി ഓതറൈസേഷൻ പ്രൊഫോർമ (മാതൃക അനുബന്ധം ചേർത്തിട്ടുണ്ട്).

5 .എയ്ഡഡ് കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് വഴിയാണ് നൽകേണ്ടത് .ബന്ധപ്പെട്ട രേഖകൾ എല്ലാം തന്നെ പരിശോധിച്ച് ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

ട്രഷറി ഓതറൈസേഷനും ഡി.ഡി.ഒ. കോഡിനും അപേക്ഷിച്ചിട്ടും കിട്ടാത്ത സ്ഥാപനങ്ങൾ ആയതിന്റെ നിലവിലെ സ്റ്റാറ്റസ് അറിയിക്കേണ്ടതാണ്.

# Approval Valid

Digitally Approved By
ഡോ. ജോതിരാജ്. എം
Date: 04.03.2022
Reason: Approved

*ഒപ്പ്/-*

**ഡോ. ജോതിരാജ്. എം**
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1.എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ( എയ്ഡഡ് കോളേജുകളെ അറിയിക്കുന്നതിനായി )
2.എല്ലാ ഗവ.കോളേജ് പ്രിൻസിപ്പൽമാർക്കും
3.എല്ലാ ഹോസ്റ്റൽ വാർഡൻ മാർക്കും .